# ചർച്ച് ന്യൂസ്

സി. എസ്. ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്. ഐ. യു. സി)


Vol: 4 No:5

website: www.csikattakada.in
e-mail: csikattakada@gmail.com

ഒക്ടോബർ 2015




Merit Sunday 2015

വരുവിൻ, നാം വണങ്ങി നമസ്കരിക്ക;
നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക. (സങ്കീ: 95:5)


GOVT. OF INDIA
916 BIS
HALLMARKED JEWELLERY
നെയ്യാറ്റിൻകര
പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
ഷോപ്പിംഗ് അനുഭവം
Pereppadans Gold Park
കല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം
എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ
ഏറ്റവും കുറഞ്ഞ പണിക്കൂലി
പെരേപ്പാടൻസ്
100% 916 ജ്വല്ലറി
ഗോൾഡ് പാർക്ക്
സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551
കൊട്ടാരക്കര Ph: 0474 - 3223637
നെടുമങ്ങാട് Ph: 0472 - 3201993
കരുനാഗപ്പള്ളി Ph: 0476 - 2624599
പയ്യന്നൂർ Ph: 0498 - 5208418
Head Office : Thrissur
ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

Vol: 4 No:5

ഒക്ടോബർ 2015



Website: www.csikattakada.in

E-mail: csikattakada@gmail.com

Phone: 0471-2290544, 0471-2293617



**ഇടവകക്കമ്മിറ്റി അംഗങ്ങൾ**

| | |
|---|---|
| റവ. ആർ.എസ്.സുരേഷ്കുമാർ | 9995364451 |
| റവ.സജി.എൻ.സ്റ്റുവർട്ട് | 8281620414 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഫ്ലാസ്റ്റൻ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ് ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| റസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

**എഡിറ്റോറിയൽ ബോർഡ്**

റവ. ആർ.എസ്.സുരേഷ്കുമാർ
റവ.സജി.എൻ.സ്റ്റുവർട്ട്
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡൈ്വസർ)

ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റോബിൻജാവർട്ട്.ജെ (അക്കൗണ്ടന്റ്)

ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

| | |
|---|---|
| വിൽസ്രാജ് (കപ്യാർ) | 9446564482 |


## ഉള്ളടക്കം


Pastor's view — 5
*റവ.ആർ.എസ്.സുരേഷ്കുമാർ*

പൂർണ്ണമായും ഒന്നാകുക — 7
*റവ.സജി.എൻ.സ്റ്റുവർട്ട്*

വാർത്തകൾ, അറിയിപ്പുകൾ — 9

പുവർഫണ്ട് വാർഷിക റിപ്പോർട്ട് — 12
*ബി.ബ്രൈറ്റ് സിംഗ്*

ഗാനം — 21
*സുനുജോയൽ*

പ്രധാന പ്രോഗ്രാമുകൾ — 22


## ചർച്ച് ന്യൂസ് വരവ്–ചെലവ്

സെപ്റ്റംബർ 2015

**വരവ്**

| | |
|---|---|
| പെരേഷാടൻസ് ഗോൾഡ്പാർക്ക് | 1500 |
| ബിനോയ് ജോഫ്രി, ധന്യ | 2000 |
| വിപിൻ, രമ്യ | 2000 |
| പ്രൊഫ: എഡ്വിൻവില്യം | 2000 |
| ലിജോദാസ്, ലിജോഭവൻ | 1000 |
| സുലോചനകുമാരി, കുഞ്ഞാലയിൽ | 1000 |
| രാജൻ, ഗിലെയാദ് | 1000 |
| സെബാസ്റ്റ്യൻ, സുജഭവൻ | 1000 |
| ജസീന്ത ടീച്ചർ | 500 |
| പ്രദീപ്, രത്നപ്രഭാ മന്ദിരം | 500 |
| സ്റ്റീഫൻസൻ,നെടുവത്താൻകുഴി | 200 |
| ആകെ വരവ് | 12700 |

**ചെലവ്**

| | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 1000 |
| പ്രിന്റിംഗ് | 7300 |
| ആകെ ചെലവ് | 8300 |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio


## എഡിറ്റോറിയൽ



കോൺക്രീറ്റ് ചുവരുകൾക്കിടയിൽ ഒറ്റപ്പെടുന്ന വ്യക്തിത്വങ്ങളായി മാറുകയാണ് വയോധികരായ മാതാപിതാക്കൾ. പ്രതീക്ഷകളൊന്നുമില്ലാതെ ഓർമ്മകളിൽ മാത്രം ജീവിക്കുന്നവർ. അവരെ ആദരിക്കേണ്ട ചുമതല മക്കൾക്കാണ്. വൃദ്ധസദനങ്ങൾക്കല്ല സ്നേഹത്തോടെ അവരെ കൂടെ കൂട്ടിയാൽ മതി. സന്തോഷം കിട്ടുന്ന വഴികളിലൂടെ നമ്മുടെ സഹായമില്ലാതെ അവർ പോയ്ക്കൊള്ളും. മനസ്സിലാണ് അടിസ്ഥാന സൗകര്യങ്ങളുടെ വാതിൽ ആദ്യം തുറക്കേണ്ടത്. അക്രമ സംസ്ക്കാരത്തിനെതിരെ നടത്തിയ ജീവിത സമരമാണ് ഗാന്ധിജിയുടെ ആശയങ്ങളെ സമ്പുഷ്ടമാക്കുന്നത്. അദ്ദേഹ ത്തിന്റെ അഹിംസാ തത്വങ്ങൾ യേശുവിന്റെ ഉപദേശത്തോടും ജീവിത ത്തോടും താദാത്മ്യമുള്ളതായി കാണാം. അക്രമത്തിനെതിരെ ശബ്ദിക്കുന്ന പുതിയതലമുറ സഭയ്ക്കകത്തും പുറത്തും ഉണ്ടാകേണ്ടിയിരിക്കുന്നു.

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ. എസ്. ഡി

### ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നത്



22.10.2015 (വ്യാഴം) ഡോ.ബിജോയ് ആർ.ജോഫ്രി, ധന്യ

| വരവ് – ചെലവ് ആഗസ്റ്റ് 2015 | സഭ | മിഷണറി ഫണ്ട് | ഗാർഡൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 218277 | 126975 | 15776 | 262466 | 84898 |
| ചെലവ് | 243674 | 134081 | 3925 | 176943 | 81534 |
| നീക്കിയിരിപ്പ് | – | – | 11851 | 85523 | 3364 |
| അധികചെലവ് | 25397 | 7106 | – | – | – |



## Pastor's view

"വാർദ്ധക്യത്തിലും അവർ കായ്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും" (സങ്കീ: 92:14)

കർത്താവിൽപ്രീയരെ,

ജീവപര്യന്തം വിശ്വസ്തനായിരിക്കുന്ന ദൈവസാന്നിദ്ധ്യം ബോധ്യപ്പെട്ടുകൊണ്ടാണ് വിശുദ്ധ ദിവസത്തേയ്ക്കുള്ള ഈ സങ്കീർത്തനം ഭക്തൻ രചിക്കുന്നത്. ദൈവത്തെ സ്തുതിക്കുന്നതും ദൈവനാമത്തെ കീർത്തിക്കുന്നതും പ്രഭാതത്തിൽ ദൈവത്തിന്റെ ദയയും സന്ധ്യയിങ്കൽ ദൈവത്തിന്റെ വിശ്വസ്തതയും വർണ്ണിക്കുന്നതും ദൈവവിശ്വാസിക്ക് നല്ലതാണ്. 14-ാം വാക്യത്തിന് ആധാരമായിരിക്കുന്നത് 12-ഉം, 13-ഉം വാക്യങ്ങളാണ്. അവിടെ ദൈവസന്നിധിയിൽ നീതി പ്രവർത്തിക്കുന്നവൻ പനപോലെ തഴയ്ക്കുകയും ലെബാനോനിലെ ദേവദാരുപോലെ വളരുകയും ചെയ്യും എന്ന് വിവരിക്കുന്നു.

പന: മരുഭൂമിയിലെ കഠിനമായ ചൂട് മണലാരണ്യത്തിൽ മറ്റൊന്നും വളരാത്ത പ്രദേശത്ത് സൂര്യന്റെ അത്യുഗ്രമായ ചൂടിനെ അതിജീവിച്ച് മധുരമായ, ശ്രേഷ്ഠമായ ഈത്തപ്പഴം വർഷത്തിൽ ഒരിക്കൽ നൽകുന്ന ഈന്തപ്പന പ്രതികൂലങ്ങളെ അതിജീവിച്ച് തഴയ്ക്കുന്നതിന്റെ പ്രതീകമാണ്.

ലെബാനോനിലെ ദേവദാരു: ലബനോൻ താഴ്വര വിഖ്യാതമായ യൂഫ്രട്ടീസ് നദിയുടെ തീരപ്രദേശമാണ്. അവിടത്തെ ഫലഭൂഷ്ടി ലോക പ്രശസ്തമാണ്. അവിടെയാണ് മേൽത്തരമായ ദേവദാരു തഴച്ച് വളരുന്നത്. ദൈവത്തിന്റെ ആലയത്തിൽ നടുതലയായ വരെ ഉച്ചരിച്ചിരിക്കുന്നത് ഏത് കഠിനമായ ചൂടിനെയും അതിജീവിച്ച് ഫലം കൊടുക്കുന്ന പനയോടും, അനുകൂല സാഹചര്യത്തിൽ ശ്രേഷ്ഠമായി വളരുന്ന ദേവദാരുവിനോടുമാണ്. അവർ ദൈവത്തിന്റെ ആലയത്തിന്റെ പ്രാകാരങ്ങളിൽ തഴയ്ക്കുകയും വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കുകയും പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കുകയും ചെയ്യും.

ഈ വർഷത്തെ സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തി ലുള്ള എല്ലാ ശുശ്രൂഷയും ജീവിതവും ദൈവത്തിന്റെ അനുഗ്രഹം മറ്റുള്ളവരിലേയ്ക്ക് പകരുന്നതാകട്ടെ എന്ന് ആശംസിക്കുന്നു. ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴയ്ക്കുവാൻ ദൈവം സഹായിക്കട്ടെ.

സാധു സംരക്ഷണ മാസാചരണത്തിന്റെ ഭാഗമായി സ്തോത്രാർപ്പണം നൽകിയ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. അനേകരുടെ ജീവിതത്തിൽ ആ ധനം വളരെ ഗുണകരമാകും. പാലിയേറ്റീവ് കെയർ യൂണിറ്റ്, മിഷണറി പ്രവർത്തനം എന്നിവയ്ക്ക് സംഭാവന നൽകിയവരെയും ദൈവം കൈവിടുകയില്ല.


ഈ മാസം പുതിയ വയസിലേയ്ക്ക് പ്രവേശിക്കുന്നവരെയും കുടുംബ വാർഷികമുള്ള കുടുംബങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സെപ്റ്റംബർ മാസം 3-ാം തീയതി നിര്യാതനായ സുശീലന്റെ കുടുംബ അംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അടക്ക ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഒരു മാസം കൂടെ നമ്മെ നടത്തിയ ദൈവത്തിന് നന്ദിയുള്ളവരായി നാൾതോറും ജീവിക്കാം. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. ○

പ്രാർത്ഥനാപൂർവ്വം,

റവ. ആർ. എസ്. സുരേഷ്കുമാർ



# വിവാഹവാർഷിക ആശംസകൾ

**October**

| | | |
|---|---|---|
| സ്റ്റീഫൻസൻ-പ്രഭകുമാരി | അനിഷനിവാസ് | 21 |
| ജോസ്-അമ്പിളി | കുഴലാർ | 21 |
| ഷൈൻകുമാർ-സരിത | ലീലാകോട്ടേജ് | 24 |
| അജിത് പ്രദീപം-ബിന്ദു | പ്രദീപ് നിവാസ് | 24 |
| എൻ.ഗ്ലാഡ്സ്റ്റൻ-മിനിജ ഗ്ലാഡ്സ്റ്റൻ | നിഷാന്ത് | 26 |
| വിനിസ്റ്റർകുമാരി എലിശ, ജാസ്മിൻഅല്ലി | കമലാഭവൻ | 26 |
| ജിജി ജോയ്-ജീന ജെ. എസ്., | ഉടയാൻകുഴി | 27 |
| സ്റ്റീഫൻസൻ-ലില്ലിഭായ് | ജോസ് ഭവൻ | 30 |
| ബിനോയ്-സജിതാജാസ്മിൻ | ഷാരോൻ | 31 |

# പൂർണ്ണമായും ഒന്നാക്കുക
## *(They may become completely one)*





റവ. സജി. എൻ. സ്റ്റുവർട്ട്

വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം 17:23 ലെ തിരുവെഴുത്ത് ഐക്യകാഹള സന്ദേശം മാനവികതയ്ക്ക് നൽകുന്നു. അവർ എന്നിലും ഞാൻ പിതാവിലും ആയി ഐക്യത്തിൽ ആകും എന്ന ഒരു വിപ്ലവകരമായ മുന്നേറ്റം ഇന്നിന്റെ സമൂഹത്തിൽ വളരെയധികം ആവശ്യമായിരിക്കുന്നു. വിഘടനംകൊണ്ടും അസൂയകൊണ്ടും ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടെ വിശ്വാസ സമൂഹം. പല കാരണങ്ങളും ഇതിന് ആക്കം കൂട്ടുന്നു. പലജാതിയിലും, പലവർഗ്ഗത്തിലും ഉൾപ്പെട്ടവരുടെ മധ്യേ ക്രിസ്തുവിന്റെ ഐക്യ സന്ദേശം അതിർ വരമ്പുകളെ മാറ്റി മറിച്ചു ഐക്യ സഭയായി മാറി. എന്നാൽ സുവിശേഷത്തിന്റെ നൻമകൾ നമ്മിൽ നിന്നകന്നപ്പോൾ സഭയുടെ കെട്ടുറപ്പ് ഒരു ചോദ്യ ചിഹ്നമായി തീർന്നുകൊണ്ടിരിക്കുന്നു. സി.എസ്.ഐയുടെ ആപ്തവാക്യം "That they all may be one", 'അവരെല്ലാവരും ഒന്നാകേണ്ടതിന്' എന്നാണ്. എന്നാൽ നമ്മിലെ സ്വാർത്ഥതകൾ ഈ ചിന്തയ്ക്ക് തുരങ്കം വയ്ക്കുന്നു. പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരെഞ്ഞെടുപ്പ് ആഗതമായി. ദൈവഭയമുള്ളവരെ നാം പ്രത്യേകിച്ച് സഹായിക്കണം. ദൈവത്തെ അറിയുന്നവരുടെ വിജയം തീർച്ചയായും ഒരു സാക്ഷ്യം തന്നെയാണ്. രാഷ്ട്ര നിർമ്മാണത്തിൽ നമ്മുടെ ജനങ്ങൾ ബോധവാൻമാരും പങ്കാളികളും ആകണം. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലുള്ള മതേതരത്വം എന്ന ആശയത്തെ തകിടം മറിക്കാൻ വർഗ്ഗീയ വിഷം കുത്തിവയ്ക്കുന്ന തരത്തിലുള്ള വക്രബുദ്ധികൾ അധികമായി

വരുമ്പോൾ ദേശത്തെ ഭരിക്കുവാൻ ദൈവത്തെ അറിഞ്ഞവർ കടന്നുവന്നേ മതിയാകൂ.

യോഹന്നാൻ 17:17 സത്യത്താൽ ശിഷ്യരെ വിശുദ്ധീകരിക്കാൻ യേശു കർത്താവ് ദൈവത്തോട് പ്രാർത്ഥിക്കുന്നു. ക്രിസ്തു ശിഷ്യന്മാരായ നമ്മെ സർവ്വ നൻമയുടെയും സൃഷ്ടികർത്താവ് തന്നെത്താൻ അല്പം മാത്രം താഴ്ത്തി സൃഷ്ടിച്ചത് ദൈവീക പദ്ധതികളിൽ പങ്കാളികൾ ആകാനാണ്. എന്നാൽ ഇന്ന് കാർന്നുതിന്നുകൊണ്ടിരിക്കുന്ന അധികാര ദുർവിനിയോഗവും വികസനത്തിന്റെ പേരിലുള്ള കൊള്ളയും നമ്മുടെ രാജ്യത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. റോഡിൽ വാഹനം ഓടിക്കണമെങ്കിൽ നികുതി നൽകണം. അങ്ങനെ നികുതി നൽകി വാഹനം റോഡിലിറക്കുവാൻ റോഡില്ല. റോഡുകൾ ക്രമീകൃതമായി അറ്റകുറ്റപണികൾ നടത്താത്തതു കാരണം ഉപയോഗശൂന്യമായ കിടങ്ങുകളിലായി മാറിയിരിക്കുന്നു. വികസന കാര്യങ്ങളിലെ കെടുംകാര്യസ്ഥത വർഗ്ഗീയ വിത്തുകൾക്ക് ഭാരതത്തിൽ വേരോട്ടം ലഭിക്കാനും ഇപ്പോൾ അത് കേരളത്തിലും എത്തിനോക്കുന്നു. ആരാണീ ദുരവസ്ഥയ്ക്കു കാരണം.

വിശുദ്ധ യോഹ 17: 19-ൽ കർത്താവ് തന്റെ ശിഷ്യൻമാർ വിശുദ്ധരാകുവാൻ തന്നെതന്നെ വിശുദ്ധീകരിക്കുന്നു. മാതൃകയുള്ള ഒരു നേതാവിനെയാണ് ഇന്നത്തെ ലോകത്തിന് ആവശ്യം. നാം വാക്കിലും, നോട്ടത്തിലും, പ്രവൃത്തിയിലും വിശുദ്ധരാകണം. അങ്ങനെ നമ്മുടെ രാജ്യ പുരോഗതിക്ക് ആദർശ ധീരരായ നേതൃത്വത്തെ നൽകുവാൻ നമ്മുടെ സഭയ്ക്ക് ആകട്ടെ. തങ്ങളുടെ വിശുദ്ധ ജീവിതം കണ്ട് അണികളും വിശുദ്ധരാകട്ടെ. വിശുദ്ധിയിലൂടെ ദൃഢമായ ഐക്യം സാധ്യമാണ്.

പൂർണ്ണമായ ഐക്യത്തിന് പൂർണ്ണമായ ദൈവീക വിധേയത്വം ആവശ്യമാണ്. പലരാലും ചൂഷണം ചെയ്യപ്പെടുന്ന നമ്മുടെ സമൂഹം വിശുദ്ധിയിലൂടെ ഐക്യകാഹളം മുഴക്കിയാൽ നമ്മുടെ രാജ്യത്തിന് കഴിവുള്ള ദൈവഭയമുള്ള അനേക രാഷ്ട്ര നിർമ്മാതാക്കളെ സംഭവന ചെയ്യാൻ സാധിക്കും. അതിൽ യഹൂദനും യവനനും എന്നില്ല നാം ഏവരും ക്രിസ്തുവിൽ ഒന്നാകട്ടെ!

## ആദരാഞ്ജലികൾ





**സുശീലൻ (53 yrs)**

മുളയൻകോട്

മരണം: 03.09.2015

# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

04.10.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്

11.10.2015 - ശ്രീ. വിൽസ് ചാൾസ് & ഫാമിലി, കാരുണ്യ

18.10.2015 - ശ്രീ. സ്റ്റീഫൻസൻ & ഫാമിലി, അനീഷാനിവാസ്

24.10.2015 - ഡോ. ബിജോയ്. ആർ. ജോഫ്രി, ധന്യ

## പാലിയേറ്റീവ് കെയർ

2015 ആഗസ്റ്റ് മാസം 54 പേർക്ക് 850/- രൂപ ചെലവ് വരുന്ന ഭക്ഷണക്കിറ്റ് നൽകി. കൂടാതെ 2000/-രൂപ വീതം 2 പേർക്കും 500/- രൂപ വീതം 18 പേർക്കും, 250/- രൂപ വീതം 5 പേർക്കും നൽകി. തുടർന്നും എല്ലാ സഭാജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## അനുമോദനം

ഈ വർഷം വ്യത്യസ്ത തലങ്ങളിൽ വിജയികളായ 26 പേർ 20-9-2015 ഞായർ ആരാധനയിൽ അനുമോദനത്തിന് അർഹരായി. അന്നേദിവസം മുഖ്യ അതിഥികളായി റവ. ഡോ: എൽ. ഇ. സഹനം, ശ്രീ. നോബിൾ മില്ലർ എന്നിവർ എത്തിച്ചേർന്നു.

27-9-2015 ഞായർ ആരാധനയിൽ ബൈബിൾ സൊസൈറ്റി സിറ്റി റീജിയണൽ കോ-ഓഡിനേറ്ററായി പ്രവർത്തിക്കുന്ന ഷെവലിയാർ ഡോ: കോശി എം. ജോർജ്ജ് അതിഥിയായി എത്തിച്ചേർന്നു.

27-9-2015 ന് തന്നെ ശിശുസ്നാന ശുശ്രൂഷയിലൂടെ 6 കുഞ്ഞുങ്ങൾ സഭയിലെ അംഗങ്ങളായി.

## പുവർഫണ്ട്

- പുവർഫണ്ട് മാസത്തിന്റെ ഭാഗമായി നടന്ന കവർ കളക്ഷനിലൂടെ 84,450/- രൂപ ലഭിച്ചു. ചുവടെ പറയുന്നവ്യക്തികൾക്ക് ഭവനത്തിന്റെ മെയിന്റനൻസ് ചെയ്യുന്നതിന് നൽകുവാൻ തീരുമാനിച്ചു.

| | |
|---|---|
| 1. ക്രിസ്റ്റഫർ, ചാമവിള | 20,000 |
| 2. സുമതി, കാന്തള | 20,000 |
| 3. ദാനം, സുനിൽഭവൻ | 20,000 |
| 4. ഇബനീസർ, ചിഞ്ചുഭവൻ | 10,000 |
| 5. ശിശുരാജൻ, പാലേലി | 10,000 |
| 6. പുഷ്പരാജ്, ചാമവിള | 5,000 |
| ആകെ | 85,000 |

- വാഹനാപകടത്തിൽപ്പെട്ട ശ്രീ. അഹല്യ മുങ്ങോടിന് വാഹനത്തിന്റെ മെയിന്റനൻസ് ചെയ്യുന്നതിനായി 5000/- രൂപ നൽകി.

❖ 2015 ആഗസ്റ്റ് മാസം 35 പേർക്ക് 250/- രൂപ വച്ച് പെൻഷനും വിവിധ വിദ്യാഭ്യാസ സഹായമായി 10,300/- രൂപയും, ചികിത്സാ സഹായമായി 1,000/- രൂപയും നൽകുകയുണ്ടായി.

## സീനിയർ സിറ്റിസൻസ് ഫെല്ലോഷിപ്പ്

കാട്ടാക്കട സി.എസ്.ഐ. സഭയിലെ സീനിയർ സിറ്റസൺസ് ഫെല്ലോഷിപ്പ് കമ്മിറ്റി രൂപീകരിച്ചു.

വൈസ്പ്രസിഡന്റ് - ശ്രീ.പി. സോമൻ

സെക്രട്ടറി - ശ്രീ. ക്രിസ്തുദാസ് സാരസം

അക്കൗണ്ടന്റ് - ശ്രീമതി A. Z. മേരി

ട്രഷറർ - ശ്രീ. വി. കെ. ആൻസലം

**കമ്മറ്റിയംഗങ്ങൾ**

1. ശ്രി.തോംസൺ എസ്.
2. ശ്രീ. ക്രിസ്റ്റഫർ ജെ.
3. ശ്രീ.ഒൈറ്റസ് എ.
4. ശ്രീമതി.ലില്ലി ജി
5. ശ്രീമതി.മെറ്റിൽരാജി

## യുവജന സഖ്യം

➢ യുവജനസംഘടനയുടെ ലേലം 18-10-2015 ഞായറാഴ്ച നടത്തുന്നു. എല്ലാ സംഘടനാംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

➢ ഡിസ്ട്രിക്ട് യുവജനസംഘടന കായിക മത്സരത്തിൽ കാട്ടാക്കട സഭ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

➢ യുവജനവാരം സെപ്തംബർ 20 മുതൽ 27 വരെ നടത്തപ്പെട്ടു. 20 ഞായറാഴ്ച ശ്രീ. നോബിൾ മില്ലർ ഈ വർഷത്തെ യുവജനവാരം പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുകയും ആരാധനയ്ക്കുശേഷം നടന്ന സെമിനാറിനു നേതൃത്വം നൽകുകയും ചെയ്തു. ഭവനാരാധനകൾ, ഭവനസന്ദർശനം എന്നിവ നടത്തുകയുണ്ടായി. 24 വ്യാഴാഴ്ച സഭയും പരിസരവും വൃത്തിയാക്കുകയും വൈകുന്നേരത്തെ സന്ധ്യാരാധനക്ക് സംഘടനാംഗങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. 27 ഞായർ ആരാധനയിൽ സംഘടനാംഗങ്ങൾ നേതൃത്വം നൽകുകയും ആരാധനയ്ക്കുശേഷം എല്ലാ സഭാജനങ്ങൾക്കും മധുരപാനീയം നൽകുകയും ചെയ്തു. വിവിധ ഭവനാരാധനകളിൽ സർവ്വശ്രീ ഡിറ്റോമോൻ, വിനോജ് ഡി. സാരസം, ജിജിൻ വൈ.ജെ., നിധീഷ് എന്നിവർ പ്രസംഗിച്ചു.

## ബാലജനസഖ്യം

- കഴിഞ്ഞ മാസം ബാലജനസഖ്യ ആരാധനയിൽ കടലാസ് ഉപയോഗിച്ചുള്ള പൂക്കൾ നിർമ്മാണത്തിന്റെ ഒരു പരിശീലനക്ലാസ് ഉണ്ടായിരുന്നു.
- 13-9-15-ൽ ലഘുഭക്ഷണം സ്പോൺസർ ചെയ്തത് ദൈവിക് എസ്.ആർ, റീജാഭവൻ (1-ാം ജന്മദിനം പ്രമാണിച്ച്).
- 27.09.2015-ൽ ഡിസ്ട്രിക്ടിലെ കായിക മത്സരം നടക്കുകയുണ്ടായി. നമ്മുടെ സഭയ്ക്ക് 3-ാം സ്ഥാനം കരസ്ഥമാക്കുവാൻ കഴിഞ്ഞു.

  വിജയികൾ

  100 M, 400 M. ഓട്ടം - ജിൻസോരാജ് രണ്ടിനും III

  ഹൈജംബ് - അബിജിത്ത് വി. എസ്. II

  ഷോട്ട്പുട്ട് - ശ്രീജിത്ത് രാജ് II

  ലോംഗ്ജംപ് പെൺ - സ്നേഹദാസ് I

  ഡിസ്കസ്ത്രോ ആൺ - ശ്രീജിത്ത് രാജ് II

  ഡിസ്കസ്ത്രോ പെൺ - സ്നേഹദാസ് II

  ജാവലിൻത്രോ പെൺ - സ്നേഹദാസ് II

  പങ്കെടുത്ത എല്ലാവരെയും പ്രത്യേകിച്ച് അഭിനന്ദിക്കുന്നു.

- 4.10.2015 ഞായറാഴ്ച 11 മണിക്ക് ഏര്യാകായിക മൽസരം ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തുന്നു.
- 11.10.2015 ഞായറാഴ്ച സംഘടനയുടെ 2-ാമത്തെ ലേലം നടത്തുന്നു.
- ബാലജനസഖ്യം ഞായറായി ആചരിക്കുന്ന 18-ാം തീയതി സംഘടനാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകുന്നു. അന്നേദിവസം കൈയെഴുത്തുപ്രതി പ്രകാശനം ചെയ്യും.
- ഈ മാസം സംഘടനയുടെ ഏകദിന വിനോദയാത്ര ഉണ്ടായിരിക്കും. താൽപര്യമുള്ളവർ കൺവീനർ വിനോജ് സാരസവുമായി ബന്ധപ്പെടേണ്ടതാണ്

## കരിയർഗൈഡൻസ് പ്രോഗ്രാം

യുവജന സംഘടനയുടെ നേതൃത്വത്തിൽ പി.എസ്.സി. പരീക്ഷാ പരിശീലനം വിജയകരമായി നടന്നുവരുന്നു. എല്ലാ ദിവസവും വൈകുന്നേരം 6.30 മുതൽ 8.30 വരെ നടക്കുന്ന ഈ ക്ലാസുകളിൽ സഭയിലെ എല്ലാ യുവതി യുവാക്കളും പങ്കെടുത്ത് ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

## സ്ത്രീജനസഖ്യം

- കുടുംബവാരം: സെപ്തംബർ 1 മുതൽ 13 വരെ നടത്തപ്പെട്ടു. ശ്രീ. റ്റൈറ്റസ്, പ്രശാന്ത്, ശ്രീ. വിത്സരാജ് ഷീനാഭവൻ എന്നീ ഭവനങ്ങളിൽ ഭവനാരാധനകൾ നടത്തപ്പെട്ടു. കൂടാതെ സഭയിലെ രോഗികളെയും വാർദ്ധകൃത്തിൽ കഴിയുന്നവരെയും സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.
- സെപ്തംബർ 21 ന് കാട്ടാക്കട സഭയിൽ വച്ച് നടത്തിയ സ്ത്രീജനസഖ്യം കലാകായിക മത്സരത്തിൽ കാട്ടാക്കട ഇടവക 2-ാം സ്ഥാനം കരസ്ഥമാക്കി.

---

ദക്ഷിണകേരള മഹായിടവക

സി.എസ്.ഐ. ചർച്ച്, കാട്ടാക്കട

# പൂവർ ഫണ്ട് 47-ാമത് വാർഷിക റിപ്പോർട്ട് - 2015



ബി. ബ്രൈറ്റ്സിംഗ്
സഭാ സെക്രട്ടറി

ബഹുമാന്യരെ,

2014-15 പ്രവർത്തന വർഷത്തിൽ പൂവർഫണ്ട്, പാലിയേറ്റീവ് കെയർ എന്നിവയുടെ പ്രവർത്തനങ്ങളിൽ ദൈവം നമ്മോടു കൂടെയിരുന്ന് അനുഗ്രഹിച്ചു. ദേശത്തിലെ രോഗികളെയും നിർധനരായിട്ടുള്ളവരെയും സഹായിക്കുവാനും പരിചരിക്കുവാനും സഭയ്ക്കു ലഭിച്ച അവസരം സഭ അതിന്റെ പരിപൂർണ്ണതയിൽ തന്നെ സ്വീകരിച്ചു പ്രവർത്തിച്ചു. സർവ്വമഹത്വവും ദൈവത്തിന് സമർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് അവതരിപ്പിക്കട്ടെ.

# അനുമോദനങ്ങൾ



അഭയ.ആർ.അരുൺ
HSST Mathematics (Junior)
PSC നിയമനം ലഭിച്ചു



ക്രിസ്തുദാസ് സാരസം
സീനിയർ സിറ്റിസൺ ഫെലോഷിപ്പ്
സെക്രട്ടറിയായി തെരഞ്ഞെടുത്തു



സ്നാനശുശ്രൂഷ



വിജയികൾക്കുള്ള അനുമോദനം



യുവജനവാര സഭാപരിസര ശുചീകരണം






ജിജി ജോയി
9446705079

## സ്മാർട്ട് ഡ്രസ്സ് മേക്കേഴ്സ്

കെ.എസ്.ആർ.ടി.സി ബസ്റ്റാന്റിന് സമീപം
നിഷ കോപ്ലക്സ്, സെക്കന്റ് ഫ്ളോർ
കാട്ടാക്കട

Our Speciality
Button Hole, All Alterations,
Readymade Job Works (Shirt)



| | | | | | | |
|---|---|---|---|---|---|---|
| സ്നാനം ലഭിച്ചവർ | ഇവാനിയ ജോൺ | സന.എസ്.റോസ് | അലൻ സി. സാം | അൽബാനി. ജെ.എസ് | റെയൻ.ആർ | ആൻഡ്രിയ. എ. ആർ |
| പിതാവ് | റിബിൻ ജോൺസ് | റോസല ദാസ് | സത്യസാം.ജി.എസ് | ജിജിൻ.എസ്.ജോയി | രജീവദാസ് | രതീഷ് കുമാർ റ്റി.ഒ |
| മാതാവ് | അതുല്യാ ജസ്റ്റിൻ | ഷീബ | സെലിൻ രാജ്.എസ് | ശുഭ സുശീലൻ | ഐഡ.ജി.എസ് | ആൻസി.എ.പി |

1st Birthday

ANNDREA.A.R

പപ്പ: രതീഷ്കുമാർ.T.O
അമ്മ: ആൻസി.A.P




*Best Compliments from*

**GANDHI PSC ACADEMY**
Kattakada


2nd Birthday



ഡേവിഡ്.A
അച്ഛൻ: അഭിരൂപ്.V.M
അമ്മ: ഡോ.ആശ W.K

മെറിൻ .P.B
പപ്പ: ബിനു.G.R
അമ്മ: പ്രീത.W.K

ആശംസകളോടെ വിൽസ്ചാൾസ് & കനകമ്മ പ്രദീപം,കാരുണ്യ

# സ്മരണാഞ്ജലി





എം.ദേവദാസൻ
ജനനം: 25.11.1930
മരണം: 30.10.2008

സെൽവദാസ്
ഗ്രേസ്ഗാർഡൻ

വിജയദാസ്
വി.എസ്.ഭവൻ

കൊല്ലംവിളാകം

ജെ.കമലാബായി
ജനനം: 26.3.1940
മരണം: 7.8.2003



## വേർപാടിന്റെ രണ്ടാം വർഷം

2/10/2015

**ജെയിൻ ടീച്ചർ**
ഉഷസ്

ദു:ഖ സ്മരണകളോടെ

ഡോ: എം.ജെ.സെൽവദാസ്
&
ഫാമിലി
നിത്യ

ഈ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്ന റവ: ആർ.എസ്. സുരേഷ്കുമാർ അച്ചൻ, റവ: സജി എൻ. സ്റ്റുവർട്ട് അച്ചൻ, വിശിഷ്ടാതിഥി റവ: ഡോ: എൽ.ഇ. സഹനം അച്ചൻ, ശ്രീ. നോബിൾ മില്ലർ ബഹുമാന്യരായ സഭാജനങ്ങളെ, പരേതനായ റവ: എൽ. ജോൺ അച്ചന്റെ ദീർഷവീക്ഷണമാണ് 1964-ൽ നമ്മുടെ സഭയിലെ സാധുക്കളെ സഹായിക്കുന്നതിനായി സാധുസംരക്ഷണനിധി ആരംഭിച്ചത്. അന്ന് 4000/- രൂപ നിക്ഷേപിച്ചു തുടങ്ങിയ പൂവർഫണ്ട് ഇന്ന് ഒരുലക്ഷം രൂപ നിക്ഷേപമായിട്ടുണ്ട്.

പൂവർഫണ്ടിന്റെ ആദ്യകാല വരുമാനം സഭാജനങ്ങൾ നൽകുന്ന സംഭാവനയായിരുന്നു. 1987-92 കാലഘട്ടത്തിൽ പുരോഹിതനായിരുന്ന റവ: ഡി. വിത്സൻ അച്ചന്റെ കാലത്താണ് ഇന്നത്തെ പഴയ ചർച്ച് ഹാളിൽ ക്രമീകരിക്കുന്ന വിവാഹങ്ങളും ചെറിയ സമ്മേളനങ്ങളും നടത്തുന്നതിനാവശ്യമായ പാത്രങ്ങളും ഫർണിച്ചറും പൂവർഫണ്ടിന്റെ പേരിൽ വാങ്ങുകയും വരുമാനത്തിന്റെ ഒരുഭാഗം മഹായിടവകയുടെ അനുവാദത്തോടെ ഫണ്ടിൽ ചേർക്കുകയും ചെയ്തുവന്നിരുന്നു. അതിനെ തുടർന്ന് ഫണ്ടിൽ വരുമാനം വർദ്ധിക്കുകയും ആയിരക്കണക്കിന് രൂപയുടെ വിവിധ സഹായങ്ങൾ അർഹരായ സാധുക്കൾക്ക് നൽകുകയും ചെയ്തുവരുന്നു.

16-11-2014-ൽ കൂടിയ പൂവർഫണ്ട് പൊതുയോഗത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സർവ്വശ്രീ ഡി. സ്റ്റാൻലോജോൺ Tr, ഡി. മോഹൻദാസ് അനുപമ, പി. സോമൻ ബഥനി, ജോയൽ സുധാകർ, ഡാർവിൻരാജ് എന്നിവരും എല്ലാ ചർച്ച് കമ്മിറ്റി അംഗങ്ങളും എല്ലാ സംഘടനാ സെക്രട്ടറിമാരും, മഹായിടവക കൗൺസിൽ അംഗങ്ങളും ചേർന്നതാണ് പൂവർഫണ്ട് കമ്മിറ്റി. സഭാസെക്രട്ടറി ഇതിന്റെ സെക്രട്ടറിയായും, ശ്രീ. ഡി. സ്റ്റാൻലോജോൺ Tr അക്കൗണ്ടന്റായും സേവനം അനുഷ്ഠിക്കുന്നു. എല്ലാ മൂന്നാമത്തെ ഞായറാഴ്ചയും ആരാധനയ്ക്കുശേഷം കമ്മിറ്റികൂടി ആവശ്യമായ തീരുമാനങ്ങൾ സ്വീകരിച്ച് നടപ്പിൽ വരുത്തുന്നു. കിട്ടുന്ന അപേക്ഷകളെല്ലാം ചർച്ച ചെയ്ത് അർഹരായ പരമാവധി ആളുകൾക്ക് സഹായം നൽകിവരുന്നു. പ്രധാനമായും താഴെപറയുന്ന ആവശ്യങ്ങൾക്കാണ് സഹായം നൽകിവരുന്നത്.

1. സാധുക്കളായ രോഗികളുടെ ചികിത്സയ്ക്ക്
2. വിദ്യാർത്ഥികളുടെ പഠനത്തിന്
3. പെൺകുട്ടികളുടെ വിവാഹത്തിന്
4. വൃദ്ധമാതാപിതാക്കളുടെ പെൻഷന്
5. വീട് നിർമ്മാണത്തിനും മെയിന്റനൻസിനും
6. മരണാനന്തര ചെലവിനായി
7. ചെറിയ തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്
8. കൂലിപ്പണിക്കാർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിന്
9. അനാഥരായവർക്ക് ആട്ടിൻകുട്ടി വാങ്ങികൊടുക്കുന്നതിന്
10. സുവിശേഷ വേലക്കാരെയും പ്രവർത്തനങ്ങളെയും സഹായിക്കുന്നതിന്

നമ്മുടെ സഭയിൽ കാലാകാലങ്ങളിൽ ഉണ്ടായിരുന്ന സഭാകമ്മിറ്റിയുടെ ആത്മാർത്ഥതയും വിശ്വസ്തമായ പ്രവർത്തനങ്ങളും സാധുക്കളെ സഹായിക്കുന്നതിനുള്ള പ്രതിബദ്ധതയും കണക്കിലെടുത്ത് ബഹുമാന്യരായ സഭാജനങ്ങൾ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മ നിലനിർത്തുന്നതിനും സാധുക്കളെ സഹായിക്കുന്നതിനും സ്ഥിരനിക്ഷേപങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സാധുക്കളോടുള്ള അനുകമ്പയും കരുതലുമുള്ള പലരും വിവിധ എൻഡോവ്മെന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. അവയുടെ വാർഷിക പലിശ സ്വീകരിച്ച് അവരവർ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി ചെലവഴിച്ചുവരുന്നു. തികഞ്ഞ ആദരവോടും നന്ദിയോടും സ്ഥിരനിക്ഷേപങ്ങളുടെ ഒരു സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**സാധുക്കളുടെ ചികിത്സയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകളും മെമ്മോറിയൽ ഫണ്ടുകളും.**

| | തുക | പലിശ |
|---|---|---|
| 1. ചർച്ച് പുവർ ഫണ്ട് | 100,000 | 9441 |
| 2. ശ്രീമതി സുമംഗലാബായ് Tr. എൻഡോവ്മെന്റ് | 1,00,000 | 9441 |
| 3. റോസിലി ജോൺസൻ മെമ്മോറിയൽ ഫണ്ട് പുല്ലുവിളാകം | 50,000 | 4706 |
| 4. ദേവദാസൻ മേസ്തിരി & കമലാബായി മെമ്മോറിയൽ ഫണ്ട് | 5000 | 471 |
| 5. അസറിയ ഡീഖൻ & എസിലി മെമ്മോറിയൽ ഫണ്ട് | 10000 | 941 |
| 6. മൈക്കേൽ ഷാജിഭവൻ മെമ്മോറിയൽ ഫണ്ട് | 10000 | 941 |
| 7. ക്ലാറൻസൻ വിക്ടർ ലീലാ കോട്ടേജ് മെമ്മോറിയൽ ഫണ്ട് | 5000 | 474 |
| 8. രാഖി മലവിള രാഖി ഭവൻ മെമ്മോറിയൽ ഫണ്ട് | 30000 | 2822 |
| 9 ശ്രീ. ദീപേഷ് എഡ്വിൻ & ഡോ: വിൻസി വി.എസ്. എൻഡോവ്മെന്റ് | 100000 | 9280 |
| 10. സുശാന്തിരാജ് മെമ്മോറിയൽ ഫണ്ട് | 25000 | 2306 |
| ചികിത്സയ്ക്കായി നിക്ഷേപിച്ച ആകെ തുകയും ലഭിച്ച പലിശയും | 43,5000 | 40763 |

**പാലിയേറ്റീവ് കെയറിലേക്കായി നിക്ഷേപിച്ചിട്ടുള്ള എൻഡോവ്മെന്റുകളും മെമ്മോറിയൽ ഫണ്ടുകളും**

| | തുക | പലിശ |
|---|---|---|
| 1. തിമത്ഥിയോസ് ഡീഖൻ & ബിയാട്രിസ് മെ.ഫണ്ട് | 3,000 | 282 |
| 2 റവ. എം.ആർ. സത്യദാസ് പ്രസാദ് & ഫാമിലി എൻഡോവ്മെന്റ് | 10,000 | 941 |
| 3. ഡി. ശോഭനദാസ് മെമ്മോറിയൽഫണ്ട് | 25,000 | 2,353 |

| | | |
|---|---|---|
| 4. ശിങ്കരാജൻവൈദ്യർ & നേശമ്മ കാന്തള മെ.ഫണ്ട് | 5,000 | 471 |
| 5. കൊച്ചുകുഞ്ഞ് & റോസമ്മ ജി.കെ. ഭവൻ മെ.ഫണ്ട് | 25,000 | 2,352 |
| 6. ജയിംസ് & റോസമ്മ മെമ്മോറിയൽ ഫണ്ട് | 1,00,000 | 9,400 |
| 7. ധന്യ- ധന്യഭവൻ, എൻഡോവ്മെന്റ് | 50,000 | 4,519 |
| 8. റോബർട്ട് രാജ് ടീച്ചർ മെ.ഫണ്ട് | 1,00,000 | 9,038 |
| 9. റോസിലി കാര്യോട്ടുകോണം മെ. ഫണ്ട് | 4,000 | 304 |
| 10. പി. വിജയൻ രമ്യ ചൂണ്ടുപലക, മെ. ഫണ്ട് | 1,00,000 | 5,104 |
| 11. പ്രൊഫ. എൻ.ആർ. ചന്ദ്രൻ മെ. ഫണ്ട് | 1,00,000 | 5,277 |
| പാലിയേറ്റീവ് കെയറിലേക്കായി വിനിയോഗിച്ച | | |
| **ആകെ തുകയും ലഭിച്ച പലിശയും** | **5,22,000** | **40,041** |

**സാധുവിദ്യാർത്ഥികളുടെ പഠനസഹായത്തിനായി നിക്ഷേപിച്ചിട്ടുള്ള എൻഡോവ് മെന്റുകളും മെമ്മോറിയൽ ഫണ്ടുകളും.**

| | തുക | പലിശ |
|---|---|---|
| 1. ശ്രീ. ദീപേഷ് എഡ്വിൻ കൊച്ചുബഥേൽ എൻഡോവ്മെന്റ് | 1,00,000 | 9,410 |
| 2. ശ്രീമതി ദീപാജസ്റ്റിൻ, കൊച്ചുബെഥേൽ എ.മെന്റ് | 10,000 | 941 |
| 3. ഡോ: വിൻസിദീപേഷ്, കൊച്ചുബഥേൽ എ. മെന്റ് | 25,000 | 2,325 |
| 4. ശ്രീ. റിബിൻജോൺസ് സീന പട്ടം, എ.മെന്റ് | 30,000 | 2,765 |
| 5. ശ്രീ. എൽ.എസ്. ബൈജു, പ്രശാന്ത് എ. മെന്റ് | 25,000 | 2,353 |
| 6. ഡോ: ആഷ, കാരുണ്യ എ.മെന്റ് | 10,000 | 941 |
| 7. സണ്ടേസ്കൂൾ വിദ്യാർത്ഥി ക്ഷേമനിധി | 74,500 | 7,007 |
| 8. ഡോ: ബോയൽവില്യം, കരുണാനിവാസ്, എ.മെന്റ് | 31,000 | 2,944 |
| 9. മനാസ് സർ. ഉഷസ്, മെ.ഫണ്ട് | 12,000 | 1,129 |
| 10. ജോഷ്വാ ഇതിയേൽ കുഴലാർ, മെ.ഫണ്ട് | 10,000 | 941 |
| 11. ഓമനസെൽവി & സുരേഷ് വിൽഫ്രഡ് മെ:ഫണ്ട് | 15,000 | 1,410 |
| 12. കുമാരി സലജ മെ.ഫണ്ട് | 10,000 | 630 |
| 13. കമലമ്മ റ്റീച്ചർ ജോയ്ഭവൻ, മെ.ഫണ്ട് | 30,000 | 1,738 |
| 14. നെൽസൻ റ്റീച്ചർ & സെലീനാബായ് റ്റീച്ചർ നെൽസ് ഭവൻ മെ.ഫണ്ട് | 25,000 | 18,37 |
| പഠനസഹായത്തിനായി നിക്ഷേപിച്ചിട്ടുള്ള | | |
| **ആകെ തുകയും കിട്ടിയപലിശയും** | **4,07,500** | **36,407** |

**പെൺകുട്ടികളുടെ വിവാഹത്തിനായി നിക്ഷേപിച്ചിട്ടുള്ള എൻഡോവ്മെന്റു കളും മെമ്മോറിയൽ ഫണ്ടുകളും**

| | | തുക | പലിശ |
|---|---|---|---|
| 1. | വൈ. കുഞ്ഞൻസാർ & വിക്ടോറിയ കുന്നിൻപുറം മെ.ഫണ്ട് | 20,000 | 1,882 |
| 2. | എൽ. ജോൺസൻ മാനേജർ ജോയ്ഭവൻ, മെ.ഫണ്ട് | 50,000 | 4,706 |
| 3. | ഡോ. ബോയൽവില്യം കരുണാനിവാസ്, മെ.ഫണ്ട് | 50,000 | 4,680 |
| 4. | ദാവീദ് ഢീഖർ & ദബോറ പാറയിൽവീട്, മെ.ഫണ്ട് | 25,000 | 2,349 |
| 5. | ഈനോസ് & ജസി കാന്തള ബംഗ്ലാവ്, മെ.ഫണ്ട് | 10,000 | 941 |
| 6. | മേഴ്സിബായി എം.എസ്. കോട്ടേജ്, കാക്കമുകൾ | 10,000 | 941 |
| 7. | തിമഥിയോസ് & ബിയാട്രിസ് ഉടയാൻകുഴി, മെ.ഫണ്ട് | 20,000 | 1881 |
| 8. | സി.ഇ.വൈ.എഫ്. വിവാഹസഹായം | 25,000 | 2,349 |
| 9. | ജയിൻ റ്റീച്ചർ ഉഷസ്, മെ.ഫണ്ട് | 2,00,000 | 18,074 |
| | വിവാഹ സഹായത്തിനായി നിക്ഷേപിച്ച **ആകെ തുകയും ലഭിച്ച പലിശയും** | **4,10,000** | **37.803** |

**മിഷണറി പ്രവർത്തകരെയും പ്രവർത്തനങ്ങളെയും സഹായക്കുന്നതിനുള്ള സ്ഥിരനിക്ഷേപങ്ങൾ**

| | | തുക | പലിശ |
|---|---|---|---|
| 1. | കുമാരി ഷെർളി ഷീബ, സുരേഷ്കോട്ടേജ് മെ.ഫണ്ട് | 25,000 | 2,353 |
| 2. | ചെല്ലയ്യൻസാർ റോയിസ് മെ.ഫണ്ട് | 20,000 | 1,882 |
| 3. | ബോൺവില്യം & ജ്ഞാനദീപം, ബഥേൽ മെ.ഫണ്ട് | 85,000 | 7,999 |
| 4. | ദാനംസാർ & ബായ് ബഥനിപുരം, മെ.ഫണ്ട് | 10,000 | 941 |
| 5. | മേരിക്കുട്ടി സൈറസ് പാരഡൈസ്, മെ.ഫണ്ട് | 25,000 | 2,353 |
| 6. | അഗ്നീസ്-തിമഥിയോസ് ബിയാട്രിസ്, ഉടയാൻകുഴി മെ.ഫണ്ട് | 15,000 | 1,412 |
| 7. | യാക്കോബ് ഢീഖർ ചാമവിള, മെ.ഫണ്ട് | 10,000 | 941 |
| 8. | ജോർജ്ജ് അലക്സാണ്ടർ ലാൽഭവൻ, മെ.ഫണ്ട് | 20,000 | 1,841 |
| 9. | സെൽവാനോസ് എഞ്ചിനിയർ മാമൂട്ടിൽ എസ്.ആർ. ഭവൻ, മെ.ഫണ്ട് | 1, 00,000 | 9,407 |
| 10. | യേശുദാസൻ - ജോയിസ് രാജയ്യൻ മെ.ഫണ്ട് | 10,000 | 941 |
| 11. | ശ്രീ. സുകുമാരൻ & ഫാമിലി പുലരി, എൻഡോവ്മെന്റ് | 10,000 | 940 |
| 12. | തോമസ് നാടാർ & എസ്ഥർ തോമസ് മെ.ഫണ്ട് | 50,000 | 4,640 |
| | മിഷണറി പ്രവർത്തനത്തിനായി നിക്ഷേപിച്ച **അകെ തുകയും പലിശയും** | **3,80,000** | **35650** |

## വിവിധ വർഷങ്ങളിലായി റിപ്പോർട്ട് വർഷം ലഭിച്ച സ്ഥിര നിക്ഷേപങ്ങളും പലിശയും

| | | തുക | പലിശ |
|---|---|---|---|
| 1. | വിൽസൻ പ്രദീപം മെ.ഫണ്ട് (പാലിയേറ്റീവ് കെയർ) | 10,000 | 96 |
| 2. | സോമദേവൻ മെ.ഫണ്ട് (പാലിയേറ്റീവ് കെയർ) | 10,000 | |
| 3. | ജോയൽസുധാകർ & സുനുജോയൽ എൻഡോവ്മെന്റ് (പൂവർഫണ്ട്) | 10,000 | |
| 4. | പ്രൊഫ: എൻ. രാമചന്ദ്രൻ, സീജാഭവൻ മെ. ഫണ്ട് (മിഷണറി പ്രവർത്തനങ്ങൾക്കായി) | 50,000 | |
| 5. | പ്രൊഫ: എൻ. രാമചന്ദ്രൻ, സീജാഭവൻ മെ.ഫണ്ട്. (സാധു വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി) | 50,000 | |
| | അകെ തുകയും പലിശയും | 1,30,000 | 96 |

റിപ്പോർട്ട് വർഷം ലഭിച്ച സ്ഥിരനിക്ഷേപം ഉൾപ്പെടെ ആകെയുള്ള സ്ഥിര നിക്ഷേപം 22,84,500/- രൂപ (ഇരുപത്തിരണ്ട്ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ് രൂപ) റിപ്പോർട്ട് വർഷം ലഭിച്ച ആകെ പലിശ - 1,90,760/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി അറുപത് രൂപ)

ഈ മെമ്മോറിയൽ ഫണ്ടുകളും എൻഡോവ്മെന്റുകളും ഏർപ്പെടുത്തിയി ട്ടുള്ള എല്ലാ കുടുംബങ്ങളെയും വ്യക്തികളെയും വളരെ ആദരവോടും നന്ദിയോടും ഓർക്കുകയും അവരോടുള്ള സ്നേഹവും കടപ്പാടും സഭയുടെ പേരിൽ അറിയിക്കുകയും ചെയ്യുന്നു. അതോടൊപ്പം സഭയുടെ സാധുക്കളെ സഹായിക്കുന്നതിനും നമ്മുടെ പ്രിയപ്പെട്ടവരുടെ ഓർമ്മ നിലനിർത്തുന്നതിനും ആയി എൻഡോവ്മെന്റുകളും മെമ്മോറിയൽ ഫണ്ടുകളും നിക്ഷേപിക്കുന്നത് സാധുക്കളായ ആളുകളെ സഹായിക്കുന്നതിനുള്ള അവസരം കൂടിയാണ്.

2014 സെപ്റ്റംബർ 1 മുതൽ 2015 ആഗസ്റ്റ് 31-ാം തീയതിവരെയുള്ള ഒരു വർഷം സാധുക്കളെ വിവിധ ആവശ്യങ്ങൾക്കായി സഹായിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സാധുരോഗികളുടെ ചികിത്സാ സഹായമായി | 43,300/- |
| 2. | വൃദ്ധമാതാപിതാക്കളുടെ പ്രതിമാസ പെൻഷൻ | 80,010/- |
| 3. | വിദ്യാർത്ഥികളുടെ പഠനസഹായമായി | 1,11,100/- |
| 4. | പെൺകുട്ടികളുടെ വിവാഹസഹായമായി | 52,000/- |
| 5. | ഭവനനിർമ്മാണത്തിനും മെയിന്റനൻസിനും | 48,500/- |
| 6. | ക്രിസ്തുമസ് വസ്ത്രം, ഭക്ഷണം | 50,965/- |
| 7. | സുവിശേഷ പ്രവർത്തനത്തിനായി | 35,650/- |

റിപ്പോർട്ട് വർഷത്തിൽ സാധുക്കളെ സഹായിച്ച
ആകെ തുക 4,21,525 രൂപ

(നാല് ലക്ഷത്തി ഇരുപത്തൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് രൂപ) പലിശയിനത്തിൽ ലഭിച്ച 1,90.760/- രൂപ കഴിച്ച് ബാക്കി 2,30,765/- രൂപ പൂവർഫണ്ട് ജനറൽ അക്കൗണ്ടിൽ നിന്ന് ചെലവാക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. ഈ വർഷത്തെ പൂവർഫണ്ട് മാസാചരണത്തിലൂടെ ലഭിക്കുന്ന തുക ഭവനത്തിന്റെ മെയിന്റനൻസിന് അപേക്ഷിച്ചവർക്ക് നൽകുവാൻ തീരുമാനിച്ചു.

**പാലിയേറ്റീവ് കെയർ**

ചർച്ച് പൂവർഫണ്ടിന്റെ കീഴിൽ പാലിയേറ്റീവ് കെയറിന്റെ ഒരു യൂണിറ്റ് വളരെ ചിട്ടയോടുകൂടെ പ്രവർത്തിച്ചു വരുന്നു. യൂണിറ്റ് തുടങ്ങിയിട്ട് 6 വർഷം പൂർത്തിയായി. റിപ്പോർട്ടുവർഷം 6,89,079/- രൂപ വരവും. 3360/- രൂപ നീക്കിയിരിപ്പുമുണ്ട്. ക്യാൻസർ ബാധിച്ചവർ, വീഴ്ചമൂലം നട്ടെല്ലുതകർന്നു തളർന്നു കിടക്കുന്ന രോഗികൾ തുടങ്ങി 25-ൽ അധികംപേർക്ക് മരുന്നിനും ചികിത്സയ്ക്കുമായി 1,79,635/- രൂപയും ഗൃഹ നാഥൻമാർ കിടപ്പിലായതുമൂലം ദൈനംദിന ഭക്ഷണത്തിനു നിവർത്തിയില്ലാത്ത കുടുംബങ്ങളും വിധവമാരുടെ കുടുംബങ്ങളുമുൾപ്പെടെ 55 കുടുംബങ്ങൾക്ക് മാസം തോറും 800/- രൂപ വിലവരുന്ന ഭക്ഷണക്കിറ്റ് കൊടുത്തവകയിൽ 4,15,209/- രൂപയും, രോഗികളുടെ ഭവനത്തിൽ ക്രിസ്തുമസ് ഗിഫ്റ്റായി വസ്ത്രങ്ങളും, കേക്കും, പായസക്കിറ്റും നൽകിയവകയിൽ 34,363/- രൂപയും, കിടക്കാൻ ഇടമില്ലാത്ത കട്ടയ്ക്കോട് തങ്കമണി എന്ന കിടരോഗിക്ക് ഒരു ഒറ്റമുറി വച്ചുകൊടുത്ത വകയിൽ 25,000/- രൂപയും, എഴുന്നേറ്റു നടക്കാൻ കഴിയാത്ത ഇഴയുന്ന തെങ്ങുവിള ശശീന്ദ്രൻ എന്ന രോഗി കിട ക്കുന്ന മുറി ടൈൽസ് ഇട്ടുകൊടുക്കുന്നതിന് 2000/- രൂപയും, ആറ്റിങ്ങൽ പാലിയേറ്റീവ് കെയറിന് സംഭാവനയായി 4000/- രൂപയും, യൂണിറ്റ് സെന്ററിന്റെ ഉദ്ഘാടനവും കെട്ടിടത്തിന്റെ ശിലാസ്ഥാപനവും നടത്തിയതിനും ക്ലിനിക്കിലെ ജീവനക്കാർക്ക് ഭക്ഷണം, ചായ എന്നിവ നല്കിയതിനും 25,512/- രൂപയും ഉൾപ്പെടെ റിപ്പോർട്ട് വർഷ ത്തിലെ ആകെ ചെലവ് 6,85.719/- രൂപയുമാണ്.

ഇതിനുപുറമെ കിടരോഗികളായ മണ്ണാംകോണം ബ്രൈറ്റ്ഡേവിഡിന്റെയും, കള്ളിക്കാട് പ്രസാദിന്റെയും, ക്യാൻസർരോഗിയായ ആര്യനാട് സിന്ധുവിന്റെയും മക്കളുടെ വിഹാഹത്തിനും, അനാഥയായ മൊഴവൻകോട് ആൻസിയുടെ വിവാഹത്തിനും, വിധവയായ ഷിനിജ പൊന്നെടുത്തകുഴിയുടെയും, രോഗിയായ ആലുംകുഴി ഡെയിസിയുടെയും തകർന്നവീട് മെയിന്റനൻസിനും, സഭാജനങ്ങളുടെയും മറ്റുചില വ്യക്തികളുടെയും സഹായത്തോടെ സാമ്പത്തികമായി സഹായിക്കാൻ കഴിഞ്ഞത് വളരെ ചാരിതാർത്ഥ്യമാണ്.

പാലിയേറ്റീവ് കെയർ ക്ലിനിക് എല്ലാ ശനിയാഴ്ചകളിലും രാവിലെ 9 മണി മുതൽ 1 മണിവരെ പ്രവർത്തിക്കുന്നു. ശരാശരി 25 രോഗികൾ എല്ലാ ആഴ്ചകളിലും ക്ലിനിക്കിൽ വരികയും അവർക്ക് ആവശ്യമുള്ള മരുന്നും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്യുന്നു.

നമ്മുടെ സഭാംഗമായ ഡോ: വാട്സനും, അമരവിള ഡോ: സ്റ്റീഫനും സൗജന്യമായി ക്ലിനിക്കിൽ പ്രവർത്തിക്കുന്നു. അവർക്കുള്ള നന്ദി അറിയിക്കുന്നു.

ക്ലിനിക്കിന് ഒരു സ്ഥിരം കെട്ടിടത്തിനുവേണ്ടി കോളേജ് കോമ്പൗണ്ടിനുവെളിയിൽ തോട്ടമ്പറ ജെസ്റ്റസ് സാറിന്റെ വീടിനടുത്ത് ഏകദേശം 20 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് 16-11-2014-ൽ റൈറ്റ്. റവ. എ. ധർമ്മരാജ് റസ്സാലം തിരുമേനി സഭാ കോമ്പൗണ്ടിൽ ശിലാസ്ഥാപനം നടത്തി. വരും നാളുകളിൽ പാലിയേറ്റീവ് കെയറിന് സ്ഥിരം കെട്ടിടം ഉണ്ടാവുകയും ഈ പ്രദേശത്ത് അവശത അനുഭവിക്കുന്ന എല്ലാവിഭാഗം ജനങ്ങൾക്കും ആശ്വാസം ലഭിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കാം.

ഈ യൂണിറ്റിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത് നമ്മുടെ ബഹുമാന്യ അച്ചന്മാരും സെക്രട്ടറിയായി ശ്രീ. ഇ. വിജയരാജ് ഗ്രേഡ്ഡയൽ, അക്കൗണ്ടന്റായി ശ്രീ. എസ്. തോംസൺ ലീലാഭവനുമാണ്. സർവ്വശ്രീ. ഷൈൻരാജ്; ഷാൻരാജ് ദീപാ കോട്ടേജ്, സെബാസ്റ്റ്യൻ സുജഭവൻ, അനീഷ് ചിന്താഭവൻ എന്നിവർ സൗജന്യമായി ഭക്ഷണകിറ്റുകൾ രോഗികളുടെ വീടുകളിൽ എത്തിക്കുന്നതിനു വാഹനങ്ങൾ നല്കി സഹായിക്കുന്നു. ശ്രീ. പി. സോമൻസാർ ബഥനി ഞാറവിളയുടെ സേവനം വളരെ വിലപ്പെട്ടതാണ്. സാമ്പത്തികമായി സഹായിക്കുന്ന സഭാജനങ്ങൾക്കും, പ്രത്യേകിച്ച് ഞാറവിള ഉഷസ്സിൽ ശ്രീ. എം.ജെ. സെൽവനേശൻ സാറിനും, നേതൃത്വവും പ്രോത്സാഹനവും നല്കി പ്രാർത്ഥനാപൂർവ്വം നയിക്കുന്ന അച്ചൻമാർക്കും, ഹൃദയം നിറഞ്ഞ നന്ദിയും സന്തോഷവും അറിയിച്ചുകൊണ്ടും സർവ്വശക്തനായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു.

ഇത്രയും പ്രവർത്തിക്കാനും സാധുക്കളെ സഹായിക്കാനും കഴിഞ്ഞത് ദൈവത്തിന്റെ അളവറ്റ കരുതലും കൃപയുമാണ്. എല്ലാ സഭജനങ്ങളുടെയും പ്രാർത്ഥനയും സഹായസഹകരണവുമാണ്. കഷ്ടതയിലും ബലഹീനതയിലും കഴിയുന്നവരെ തുടർന്നും സഹായിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. വരും നാളുകളിൽ ഇതിലധികമായി സഹായം നൽകാൻ സാധു സംരക്ഷണനിധിയിലൂടെ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകി ഉപദേശങ്ങളും ആലോചനകളും നൽകുന്ന പ്രിയപ്പെട്ട വൈദികരായ റവ. ആർ. എസ്. സുരേഷ്കുമാർ അച്ചൻ, റവ. സജി എൻ. സ്റ്റുവർട്ട് അച്ചൻ, എന്റെ സഹപ്രവർത്തകരായ കമ്മറ്റി അംഗങ്ങൾ, മുൻ സഭാ സെക്രട്ടറി തോംസൻ ടീച്ചർ, സംഘടനാ ഭാരവാഹികൾ, കപ്യാർ, സഭാജനങ്ങൾ എല്ലാവർക്കും ഹൃദയംനിറഞ്ഞ സന്തോഷവും നന്ദിയും അറിയിക്കുന്നു. എല്ലാ മഹത്വവും സ്തുതിയും, സ്തോത്രവും സർവ്വശക്തനായ ദൈവത്തിന് അർപ്പിച്ചുകൊണ്ട് സവിനയം ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ.

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരൻമാരിൽ ഒരുത്തനു ചെയ്തടത്തോളമെല്ലാം എനിക്കു ചെയ്തു". എന്നു നമ്മുടെ കർത്താവ് പറഞ്ഞതോർക്കാം.

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

| | Oct. |
|---|---|
| ലില്ലി - ശരണ്യാഭവൻ | 1 |
| മോഹനദാസ് ഡി. - പ്രണാമം | 1 |
| നെത്സൻ പി. - സുനന്ദഭവൻ | 1 |
| ബിനു ജി.ആർ. - കുന്നുവിളവീട് | 1 |
| S.L.സ്നേഹാതോമസ് - തോമസ്ഭവൻ | 1 |
| സുരേഷ് - കയറ്റത്ത് വീട് | 1 |
| ത്രേസ്യാമ്മ - തലയ്ക്കൽ വിളാകം | 3 |
| സിസ്സലറ്റ് - തേരിവിള | 3 |
| അബിജിത് - ചാമവിള | 3 |
| സന്ദീപ് ആസ്റ്റിൻ - ഗ്രേഡ്ലാന്റ് | 3 |
| വിഞ്ചു - വന്ദന | 4 |
| ബിൻസി ബി. - മാങ്കോട്ടുകോണം | 4 |
| ശ്രദ്ധ എൻ.വി. - മ്യൂസിക് ഭവൻ | 4 |
| നിധിൻ ബ്രൈറ്റ് - ലിസ്ബത്ത് | 5 |
| W.J.ബീന Tr. - ലീലാഭവൻ | 5 |
| സന്ദീപ് - കരിച്ചാറവിള | 5 |
| ഇന്ദിരകുമാരി - പൂഞ്ഞാംകോട് | 6 |
| അതുല്യ - അതുല്യാഭവൻ | 6 |
| വിഷ്ണു - സുമഭവൻ | 6 |
| റിജോ - ഷൈൻ നിവാസ് | 6 |
| ക്രിസ്റ്റൽ ബായ് Tr. - വിചന | 8 |
| തങ്കപ്പൻ - രത്നപ്രഭാമന്ദിരം | 8 |
| കെസിയാൾ - കുഴിവിള | 8 |
| സുരാജൻ പി. - സുരാജ്ഭവൻ | 8 |
| മേഴ്സി - ഗാഡ്‌ലിൻ നിവാസ് | 8 |
| ശരത്‌രാജ് - പാലേലി | 8 |
| രജി ബി.ആർ. രാഖിഭവൻ | 10 |
| നിയാ വിൽഫ്രഡ് - ഒയാസിസ് | 10 |
| ആൻഡ്രിയ - ഉടയാൻകുഴി | 10 |
| അജയ് എസ്.ജെ. - കൃപ | 11 |
| ഫ്രാങ്ക്ളിൻ റോബർട്ട് - പ്രിൻസ്ഭവൻ | 11 |
| അനിൽകുമാർ.എം.ആർ. - അതുല്യ | 11 |
| Dr.ബിജോയ് ആർ.ജോഫ്രി - ധന്യ | 11 |
| രേഷ്മ - ആരോമ | 11 |
| സുജിൻദാസ് എസ്. - സുജിൻ നിവാസ് | 11 |
| അനഘ - എൽ.എസ്. കോട്ടേജ് | 12 |
| രമ്യ ആർ.എസ്. - ഷിബിഭവൻ | 12 |
| സുനിമോൾ - ഡി.എസ്. വില്ല | 13 |
| കെവിൻ ബി - ജെ.എൽ.എം.ഹൗസ് | 13 |
| സ്നേഹ.എസ്.പി. - രത്നപ്രഭാമന്ദിരം | 13 |
| ഷിബിദാസ് - ക്രൈസ്റ്റ് കോട്ടേജ് | 14 |
| അഞ്ചന ബി.എസ്. - അഖിൽഭവൻ | 14 |
| ആദിത്യ - സാബുഭവൻ | 14 |
| മെറിൻ പി.ബി. - കുന്നുവിളവീട് | 14 |
| യോഹന്നാൻ - താണിച്ചാൻകുഴി | 15 |
| എം.സി. ഐവി - ലളിതാകോട്ടേജ് | 16 |
| ശ്രീജിത് - വിദ്യാഭവൻ | 16 |
| വിജില.വി.ജാസ്മിൻ - ജാസ്മിൻ നിവാസ് | 16 |
| ഗാഡ്‌ലിൻ - ഗോഡ്‌ലിൻ നിവാസ് | 16 |
| ഒളിവർ ആസ്റ്റിൻ - ഗ്രേഡ്ലാന്റ് | 16 |

| | |
|---|---|
| ജ്യോതി ജെ. ജോൺ - ജെ.ജെ.ഭവൻ | 17 |
| സുനിൽകുമാർ - കുമാർ ബിൽഡിംഗ്സ് | 17 |
| റിനിമോൾ - റോബി ഭവൻ | 17 |
| റോബർട്ട് എം. - ക്രിസ്തുവിലാസം | 17 |
| അരുണ സി.എൻ. - റോസ്ഗാർഡൻ | 17 |
| സ്റ്റീഫൻസൻ - കോട്ടൈകോണം | 17 |
| അജിൻ - ഒറ്റപ്ലാവിള | 17 |
| ഷിബില പ്രസാദ് - അരുവിമുഖം | 17 |
| ലീല - ജയഭവൻ | 18 |
| ഷാജിസിംഗ് - ഷാജിഭവൻ | 18 |
| ജൂലിയ ജി. - ജി.കെ.ഭവൻ | 18 |
| ലൈല - ബി.ആർ.ഭവൻ | 19 |
| അനുജിത് ആർ.എസ് - സായൂജ്യം | 19 |
| ധന്യ പി.വി. - ധന്യ | 20 |
| ഹെപ്സീബ - തച്ചൻകോട് | 20 |
| എ. ലക്ഷ്മി - എറമണിയൻകോട് | 20 |
| എൽന സാറ വിനോദ് - സാരസംഹൗസ് | 20 |
| നീതു വിജയൻ - ഗീതം | 21 |
| D.J ലീലാവതിബായ് Tr. - ലീലാഭവൻ | 21 |
| മണിയൻ - കാന്തള | 21 |
| ടെൻസി ജോസ് - കുഴലാർ | 21 |
| ലക്ഷ്മണൻ കെ.പി. - സത്യഭവൻ | 22 |
| സുഗന്ധി ബായ് - കൊറ്റംകുഴി | 22 |
| ജസ്റ്റിസ് ജോൺ - തലയ്ക്കൽവിളാകം | 22 |
| ആഷ്‌ലിൻ - ഇ.എ.ഭവൻ | 22 |
| പ്രീത ആർ.എസ്. - അരുവിമുഖം | 22 |
| ലിറ്റിൽസാ ജാസ്മിൻ - മെശിഹാഭവൻ | 23 |
| ശനുശശി - ശനുനിവാസ് | 23 |
| സത്യസാം ജി.എസ്. - സത്യഭവൻ | 25 |
| അനീഷ് - ചാമവിള | 26 |
| ജോൺ വൈ. - പൂഞ്ഞാംകോട് | 26 |
| ധനിധകമലം - കമലാഭവൻ | 27 |
| ഡാർവിൻ - കമലാഭവൻ | 27 |
| ഐറിൻ എൻ. Tr. - അഭയ | 27 |
| ഷീജാറാണി കെ.എൽ. - രമ്യ | 27 |
| അഖിൽ എ.എസ്. - ജി.കെ.ഭവൻ | 27 |
| ആർ. വിമൽരാജ് - രാജ്ഭവൻ | 28 |
| കീർത്തന - രിജിഭവൻ | 28 |
| ബ്രിന്ദ സി.ആർ. - ബഥേൽ ഹൗസ് | 29 |
| ബേബി - അയണിവിള | 29 |
| ഡെന്നിസൻ - ചാമവിള | 30 |
| ഡി. സോമവല്ലി - പ്രണവം | 30 |
| അഭിഷേക് - പാരഗൺഹൗസ് | 30 |
| ഡി. ഗോപാൽരാജ് - സുജനിവാസ് | 31 |
| ധനിഷ്മ കമലം - കമലാഭവൻ | 31 |
| മര്യദാസ് - വിദ്യാഭവൻ | 31 |
| അനിൽ പ്രദീപം - പ്രദീപ് നിവാസ് | 31 |
| നിധീഷ് - റോസ് ഗാർഡൻ | 31 |
| ഡി.എസ്. റീന - പ്രദീപ് നിലയം | 31 |
| എസ്.എസ്. അജോ - കുഴലാർ | 31 |

## നമുക്കൊരുവിളക്കാകാം



സുനുജോയൽ
ശ്രുതിലയം

ഉള്ളിലെ ദീപം കെടാതെ
മെഴുകുതിരിപോലെ കത്തിയെരിയാം
വെളിച്ചത്തിൻ സ്രോതസ്സാം ദൈവത്തിൻ
ചെറുതിരികളായ് എരിഞ്ഞമരാം (2)

ദൈവസൃഷ്ടിതൻ പരിപാലകരായിടാം
ജീവനുള്ളതിനൊക്കെയും സംരക്ഷകരായിടാം
മറ്റുള്ളവർ തൻ നന്മകളിൽ ശ്രദ്ധിച്ചീടാം
സഹനങ്ങളിലൂടെ സന്തോഷം കണ്ടെത്താം
ത്യാഗത്തിലൂടെ സഹജീവൻ നേടീടാം

വചനധ്യാനം ജീവിത്തിൽ ഭാഗമാക്കിടാം
സേവനം ജീവിത്തിൽ ശീലമാക്കിടാം
കരുതലും കരുണയും പരസ്പരം പങ്കുവച്ചിടാം
ക്രൂശിൽ മഹത്വം ജാതികൾക്ക് കാട്ടിക്കൊടുക്കാം
ജീവിതം തന്നെ മാതൃകയാക്കിടാം

## സ്ത്രീജന സഖ്യ കലാമത്സര വിജയികൾ

### A-Grade

1. ബീനാറാണി - ലളിതഗാനം - I, മെഴുകുതിരി കത്തിക്കൽ - II
2. ലതി സെബാസ്റ്റ്യൻ - കവിതാരചന - III, ബൈബിൾ ക്വിസ് - I

### B-Grade

1. സജിത എസ്.ആർ. - കഥാപ്രസംഗം - III, പ്രസംഗം - I
   മോണോആക്ട് - I
2. പുഷ്പലത - പ്രസംഗം - III
3. പുഷ്പലത & Party - സമൂഹഗാനം - III

### C-Grade

1. ദയാമണി - ലളിതഗാനം - I, ബൈബിൾ ക്വിസ് - II പ്രസംഗം - I,
   മെമ്മറി ടെസ്റ്റ് - II. മെഴുകുതിരി കത്തിക്കൽ - II

### Secretary, President

1. അഖില - പ്രസംഗം - II, കഥാരചന - II, കവിതാരചന - II




## പ്രധാന പ്രോഗ്രാമുകൾ
## ഒക്ടോബർ 2015

| | | | | |
|---|---|---|---|---|
| 4 | ഞായർ | 8.00 | AM | വിശുദ്ധ തിരുവത്താഴ ആരാധന |
| | | 11.00 | AM | വികസന കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീമതി.അംബിക, കർമ്മേൽ) |
| 8 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 10 | ശനി | 9.30 | AM | ഡി:സ്ത്രീജനസഖ്യ ധ്യാനയോഗം സി.എസ്.ഐ.ചാമവിള |
| | | 4.00 | PM | സ്ത്രീജനസഖ്യ ഭവനാരാധന (ശ്രീമതി.സുശീല, നിസ്സിഭവൻ) |
| 11 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച് കമ്മിറ്റി |
| | | 5.30 | PM | ഭവനാരാധന (ശ്രീ. വിൽഫ്രഡ് രാജ്, ഒയാസിസ്) |
| | | 6.30 | PM | ഡി:സ്വമേധാസുവിശേഷ യോഗം, സി.എസ്.ഐ.പൂവച്ചൽ |
| 13 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 15 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 17 | ശനി | 9.30 | AM | ഉപവാസ ആരാധന |
| 18 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.വിൽസ്‌രാജ്, വി.എസ് ഭവൻ) |
| 22 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 25 | ഞായർ | 7.00 | AM | ഇംഗ്ലീഷ് ആരാധന |
| | | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച്ന്യൂസ് എഡിറ്റോറിയൽ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.ജെ.ക്രിസ്റ്റഫർ, റോസ്ഗാർഡൻ) |
| 29 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |




സ്റ്റീഫൻസൻ & ഫാമിലി
ജോസ്ഭവൻ, നെടുവത്താൻകുഴി







ആശംസകളോടെ **എസ്.സ്റ്റീഫൻസൺ & പ്രഭാകുമാരി.സി** അനിഷാനിവാസ്

മക്കൾ:ആൻസി.എസ്.പി, അനില.എസ്.പി, ആനി.എസ്.പി

മരുമക്കൾ: ജോജിചാൾസ് ,ഷിജി.എസ്.ആർ

ചെറുമക്കൾ: റിജുഗോഡ്ഫ്രേ,
റിഥുൻഗോഡ്ഫ്രേ




C.S. Offset, Kattakada Ph:0471-2290534